## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1537** 06-03-2020-ൽ
മറുപടി നൽകേണ്ടിയിരുന്നത്

### സർവ്വകലാശാലകളിൽ ആധുനിക കോഴ്സ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | : | **ഡോ. ആർ.ബിന്ദു (ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. സർവ്വകലാശാലകളിലും കോളേജുകളിലും പുതിയ യു.ജി പി.ജി പ്രോഗ്രാമുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാൻ, ഡോ. സാബു തോമസ് (മുൻ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല), ഡോ.സജി ഗോപിനാഥ് ( മുൻ വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി), ഡോ.എം.എസ്.രാജശ്രീ, ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, ഡോ.കെ.കെ.ദാമോദരൻ, മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ശ്രീ.പോൾ വി കാരന്താനം, മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. |
| ബി) | യു.ജി.സി -യുടെ ടെനുവർ ട്രാക്ക് സമ്പ്രദായത്തിന്റെ സാധ്യത പരിശോധിക്കുന്നുണ്ടോ; | ബി) | സർവ്വകലാശാലകൾ അവശ്യസന്ദർഭങ്ങളിൽ ടെനുവർ അടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ നിയോഗിക്കുന്നുണ്ട്.<br>പ്രൊജക്ട് മോഡ് കോഴ്സുകളിൽ സർവ്വകലാശാലകളിൽ പ്രസ്തുത മാതൃക പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പുതിയ കോഴ്സുകൾക്ക് സർക്കാർ തസ്തിക അനുവദിക്കുന്നതുവരെ ഉണ്ടാകുന്ന ചെലവ് സർവ്വകലാശാല വഹിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | അപ്രകാരമുള്ള പൊതുനിർദ്ദേശം സർക്കാർ നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**